**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5485** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വിവിധ ഇനങ്ങളിലേക്ക് അടയ്ക്കുന്നതിന് എത്ര വീതം തുകകൾ ഏതു നിരക്കിലാണ് പിടിക്കുന്നതെന്ന വിവരം ഇനം തിരിച്ച് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഡിപ്പാർട്ട്മെന്റൽ റിക്കവറികളായ പ്രോവിഡന്റ് ഫണ്ട്, എസ്.എൽ.ഐ. ജി.ഐ.എസ്., എൻ.പി.എസ്, നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറികളായ എൽ.ഐ.സി., കെ.എസ്.എഫ്.ഇ., കെ.എസ്.ആർ.ടി.സി. സൊസൈറ്റികൾ ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്ക് പ്രതിമാസ തിരിച്ചടവ് ഇനത്തിൽ ഒടുക്കുവാനുള്ള തുകകൾ എന്നിവ ഈടാക്കുന്നുണ്ട്. എന്നാൽ എൽ.ഐ.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്കുള്ള തിരിച്ചടവ് തുക എന്നിവയ്ക്ക് കോർപ്പറേഷൻ പ്രത്യേക നിരക്ക് ഒന്നും നിശ്ചയിച്ചിട്ടില്ല. പകരം ടി തുകകൾ ഓരോ ജീവനക്കാരും അവരവരുടെ താൽപ്പര്യ പ്രകാരവും, ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലും പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതാണ്.<br><br>PF – Basic payയുടെ 10%<br><br>NPS – (Basic pay + DA)യുടെ 10% -<br><br>നിരക്കിൽ ഈടാക്കുന്നു.<br><br>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന SLI, GIS എന്നിവ ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായി സ്ലാബ് കണക്കാക്കിയാണ് ഈടാക്കുന്നത്. |
| (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്കും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിലേക്കുമുൾപ്പെടെ ഇപ്രകാരം ജീവനക്കാരിൽ നിന്നും പിടിച്ച തുക യഥാസമയത്ത് തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) | ഉണ്ട്.<br><br>എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതി എന്നീ ഇനങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകകളിൽ നിന്നും 2022 ഡിസംബർ മാസം വരെയുള്ളവ മുടക്കം കൂടാതെ ഇൻഷ്വറൻസ് വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. തുടർന്നുള്ള 2023 ജനുവരി, |

<table>
<tr><td></td><td></td><td></td><td>ഫെബ്രുവരി മാസങ്ങളിലെ തുക കാലതാമസം കൂടാതെ ഒടുക്കുന്നതുമാണ്.</td></tr>
<tr><td>(സി)</td><td>എങ്കിൽ ഇപ്രകാരം പിടിച്ചിട്ടുള്ളതിൽ ആകെ എത്ര തുകയാണ് കെ.എസ്.ആർ.ടി.സി. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറാതെ കൈവശം സൂക്ഷിച്ചിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ;</td><td>(സി)</td><td>ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കിയ റിക്കവറി തുകകളിൽ നിന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറാത്ത തുക സംബന്ധിച്ച ഇനം തിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br><table><tr><td>എൻ.പി.എസ്. (കെ.എസ്.ആർ.ടി.സി. വിഹിതം ഉൾപ്പെടെ)</td><td>267.00</td></tr><tr><td>എസ്.എൽ.ഐ, ജി.ഐ.എസ്.</td><td>2.09</td></tr><tr><td>എൽ.ഐ.സി.</td><td>0.46</td></tr><tr><td>കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കെ.എസ്.ആർ.ടി.സി. സൊസൈറ്റി, കെ.എസ്.എഫ്.ഇ.</td><td>32.25</td></tr></table></td></tr>
<tr><td>(ഡി)</td><td>ഈ തുകകൾ കുടിശ്ശികയാക്കുന്നതുമൂലം ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളിൽ എന്തൊക്കെ നഷ്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദമാക്കുമോ;</td><td>(ഡി)</td><td>നിലവിൽ എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇനങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകയിൽ 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തുക മാത്രമാണ് ഒടുക്കുവാനുള്ളത്. ടി തുകയും കാലതാമസം കൂടാതെ ഒടുക്കുന്നതാണ്. ഇത്തരത്തിൽ എൽ.ഐ.സി., എസ്.എൽ.ഐ, ജി.ഐ.എസ്. എന്നീ ഇനങ്ങളിൽ അധികം കുടിശ്ശിക ഇല്ലാത്തതിനാൽ ജീവനക്കാർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്.<br><br>എൻ.പി.എസ്. കുടിശ്ശിക ആകുന്നതു മൂലം SBI PENSION FUND SCHEME (STATE GOVT.) UTI RETIREMENT SOLUTIONS – PENSION FUND SCHEME (STATE GOVT.), LIC PENSION FUND SCHEME (STATE GOVT.) എന്നിവയിൽ നിന്നും ലഭിക്കേണ്ട പലിശ നഷ്ടപ്പെടുന്നു.</td></tr>
<tr><td>(ഇ)</td><td>ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. പിടിച്ച തുക ആറുമാസത്തിനകം അതത് പദ്ധതികളുടെ അക്കൗണ്ടുകളിലേയ്ക്ക് അടയ്ക്കണമെന്നും ശമ്പളത്തിൽ നിന്നും പിടിച്ച തുക വക മാറ്റി ചെലവഴിക്കുന്നത് അനുവദിക്കാനാവില്ല എന്നും ഹൈക്കോടതി ഉത്തരവിടുകയുണ്ടായോ;</td><td>(ഇ)</td><td>ശ്രീ. എസ്.എ. സുനീഷ് കുമാർ മുതൽ 106 പേർ ഫയൽ ചെയ്ത WP(C) 33790/2022 എന്ന കേസിന്മേലുള്ള 22/2/2023-ലെ വിധിന്യായത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ NPS തുകയും കെ.എസ്.ആർ.ടി.സി.യുടെ കോൺട്രിബ്യൂഷനും SLI, GISഉം ആറ് മാസത്തിനകം അടയ്ക്കുവാൻ, ഉത്തരവായിട്ടുള്ളതാണ്. ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് അനുവദിക്കാനാവില്ലെന്ന് കോടതി പ്രസ്തുത ഉത്തരവിൽ നിരീക്ഷിച്ചതായി കാണുന്നു.</td></tr>
<tr><td>(എഫ്)</td><td>എങ്കിൽ ഈ തുകകൾ എന്നത്തേയ്ക്ക്</td><td>(എഫ്)</td><td>കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി</td></tr>
</table>

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടയ്ക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | | നിമിത്തം ജീവനക്കാർക്ക് റിക്കവറി തുകകൾ ഒഴിവാക്കിയുള്ള നെറ്റ് സാലറിയാണ് കഴിഞ്ഞ കുറെയേറെ മാസങ്ങളായി നൽകിവരുന്നത്. ടി പ്രതിസന്ധി നിമിത്തമാണ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന റിക്കവറി തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ യഥാസമയം ഒടുക്കാൻ കഴിയാതിരിക്കുന്നത്. എന്നിരുന്നാലും കഴിഞ്ഞ ശബരിമല സ്പെഷ്യൽ നടത്തിപ്പിനോടനുബന്ധിച്ച് ലഭ്യമായ അധിക വരുമാനം ഉപയോഗിച്ച് എസ്.എൽ.ഐ., ജി.ഐ.എസ്., എൽ.ഐ.സി. എന്നീ ഇനങ്ങളിൽ ഒരു വർഷത്തോളം കുടിശ്ശികയുണ്ടായിരുന്ന തുക മുഴുവൻ കോർപ്പറേഷൻ ഒറ്റത്തവണയായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുകയുണ്ടായി. ടി ഇനങ്ങളിൽ നിലവിൽ കുടിശ്ശികയുള്ള 2023 ജനുവരി മാസത്തെ തുക 2023 മാർച്ച് മാസത്തിലും 2023 ഫെബ്രുവരി മാസത്തെ തുക 2023 ഏപ്രിൽ മാസത്തിലുമായി ഒടുക്കിത്തീർക്കുന്നതാണ്. മാത്രമല്ല നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കെ.എസ്.ആർ.ടി.സി. സൊസൈറ്റി, കെ.എസ്.എഫ്.ഇ. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കുവാനായി കുടിശ്ശികയുള്ള തുക ഒറ്റത്തവണയായി അടച്ചുതീർക്കുവാൻ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കോർപ്പറേഷന് സാധിക്കുകയില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് അടച്ചുതീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ